# Weekly Thoughts of July 2015




Week 1

## THE LORD LOOKS AT THE HEART-

## (1 SAMUEL 16:7)

### (ഹൃദയത്തെ നോക്കുന്ന ദൈവം)

ബംഗാളിലെ പണ്ഡിതനായ ഈശ്വർ ചന്ദ്രവിദ്യാ സാഗറിന്റെ ജീവിതത്തിൽ നടന്ന ഒരു സംഭവം രേഖപ്പെടുത്തുന്നു. ഒരിക്കൽ സന്ധ്യാനേരത്ത് കീറിപ്പഴകിയ വസ്ത്രം ധരിച്ച് ക്ഷീണിതനായി അദ്ദേഹം ദ്രവ്യാഗ്രഹിയായ ഒരു ധനികന്റെ വീട്ടിലെത്തി , കതകിനു മുട്ടി രാത്രി കിടക്കുവാൻ ഇടം ചോദിച്ചു.കൊടുത്തില്ല എന്നു മാത്രമല്ല ആട്ടിപ്പായിക്കുകയും ചെയ്തു. അല്പ സമയത്തിനുശേഷം വിദ്യാസാഗർ വേഷവിധാനത്തിൽ മാറ്റം വരുത്തി

നാട്ടിലെ സത്രമന്വേഷിക്കാനെന്ന ഭാവത്തിൽ കതകിനുമുട്ടി. ഒരു ധനികനെ കണ്ട സന്തോഷത്തിൽ നല്ല വാടക ഈടാക്കാം എന്ന പ്രതീക്ഷയിൽ ആ ദ്രവ്യാഗ്രഹി തന്റെ വീട്ടിൽ ഒരു മുറി മാത്രമല്ല ഭക്ഷണവും ഒരുക്കി. ഊണുമേശയിലെത്തിയ അദ്ദേഹം ഭക്ഷണസാധനങ്ങൾ പെറുക്കി കീശയിലിട്ടു. കാരണം ചോദിച്ചപ്പോൾ തന്റെ മേൽകുപ്പായം മാറ്റി അദ്ദേഹം പറഞ്ഞു ഞാൻ ദരിദ്രന്റെ വേഷത്തിൽ വന്നപ്പോൾ നിങ്ങളെന്നെ സ്വീകരിച്ചില്ല സമ്പന്നനായി വന്നപ്പോൾ സ്വീകരിക്കുക മാത്രമല്ല സൽക്കരിക്കുകയും ചെയ്തു.ഈ ആഹാരങ്ങൾ എനിക്കല്ല എന്റെ വിലകൂടിയ വസ്ത്രത്തിനുള്ളതാണ്. അതുകൊണ്ടാണ് ഞാൻ അവ കുപ്പായക്കീശയിൽ നിക്ഷേപിച്ചത്.

ശൗലിന്റെ വീഴ്ചയെ തുടർന്ന് താൻ കണ്ടു വച്ച രാജാവ് ആരുടെ മകൻ എന്ന് ദൈവം ശമുവേൽ പ്രവാചകനോട് അറിയിച്ചിരുന്നു. എന്നാൽ അഭിഷേകം ചെയ്യുവാൻ പുറപ്പെടുമ്പോഴും അത് ആര് എന്ന് പറയാഞ്ഞതിനാൽ പ്രവാചകന് തെറ്റ് സംഭവിക്കുന്നു. Read 1 ശമു:(16:5-8). ദൈവം ഒരു മനുഷ്യന്റെ രൂപഭാവങ്ങൾക്കും , ബാഹ്യപ്രകൃതികൾക്കും വലിയ പ്രധാന്യം കൊടുക്കുന്നില്ല. യഹോവ ഒരുവന്റെ ഹൃദയത്തെയാണ് നോക്കുന്നത്.

ഇന്ന് ഹൃദയത്തിൽ കപടതയും വഞ്ചനയുമുള്ളവരാണ് അധികം ആളുകളും. ഈ ഹൃദയങ്ങളെ ചികിത്സിക്കുവാൻ നിയമത്തിനോ , മനുഷ്യനോ സാദ്ധ്യമല്ല. യഹോവയ്ക്കു മാത്രമേ അതിന് കഴിയുകയുള്ളു. അതുകൊണ്ടാണ് യിരെമ്യാ പ്രവാചകൻ പറയുന്നത് "യഹോവേ ! എന്നെ സൗഖ്യമാക്കേണമേ എന്നാൽ ഞാൻ സൗഖ്യമാകും." എന്ന് അതിനാദ്യം വേണ്ടത് നമ്മുടെ സൗന്ദര്യമോ, വിദ്യാഭ്യാസമോ, സമ്പത്തോ , പൊക്കമോ,

ആരോഗ്യമോ ഒന്നും നോക്കാതെ , നമ്മെ സ്നേഹിക്കുന്നവന്റെ കയ്യിൽ താഴ്ത്തി ഏല്പിക്കുക എന്നതാണ്. യിസ്രായേലിന് രാജാവായി ദൈവം കണ്ടവനെ ശ്രദ്ധിക്കുക അപ്പനും അമ്മയും തള്ളിക്കളഞ്ഞ , ആടിന്റെ നാറ്റ മുള്ള സഞ്ചിയും വടിയുമായി നടക്കുന്ന ഒരു ആട്ടിടയനെ അത്രേ. എന്നാൽ പുറമേയുള്ള നാറ്റമല്ല ഹൃദയ സൗന്ദര്യമത്രേ കർത്താവ് കണ്ടത്.

സഹോദരങ്ങളെ ! ബലഹീന വശങ്ങൾ ആവർത്തിച്ചു പറഞ്ഞ് വിഷമി ക്കുന്നവരായിട്ടല്ല, സന്തോഷത്തോടെ ദൈവീക തെരഞ്ഞെടുപ്പിനായി ന മ്മെത്തന്നെ ഏല്പിക്കുക. ക്രിസ്തു ഹൃദയവാതിൽക്കൽ മുട്ടുന്നു.ആ വാതിൽ ഒന്നു തുറക്കുക.

## <u>പ്രാർത്ഥന</u>

ഹൃദയങ്ങളെ ശോധന ചെയ്യുന്ന ദൈവമേ! അങ്ങയെ അറിവാനും പൂർണ്ണഹൃദയത്തോടെ അങ്ങയെ സേവിപ്പാനും കൃപ നൽകേണമേ. ഏത് പ്രതികൂലത്തിലും ഞങ്ങളുടെ ഹൃദയത്തിലെ ചിന്തനങ്ങളെ അറിയുന്ന ദൈവമേ അങ്ങയെ സ്തുതിച്ച് ജീവിപ്പാൻ കൃപ നൽകേണമേ.

ആമേൻ

Santhamma Varghese